പതിമൂന്നാം കേരള നിയമസഭ
പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 5407 28..07.2015-ൽ മറുപടിക്ക്

'ക്ലീൻ മൈ സ്ട്രീറ്റ് പദ്ധതി'

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ. കെ. അച്യുതൻ<br>ശ്രീ. ജോസഫ് വാഴയ്ക്കൻ<br>ശ്രീ. കെ.ശിവദാസൻ നായർ<br>ശ്രീ. എം.പി.വിൻസന്റ് | | ശ്രീ. മഞ്ഞളാംകുഴി അലി<br>(നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പു മന്ത്രി) |
| (എ) | നഗര ശുചീകരണത്തിനായി ക്ലീൻ മൈ സ്ട്രീറ്റ് (Clean My Street) പദ്ധതിയ്ക്ക് തുടക്കം കുറിച്ചിട്ടുണ്ടോ ; | (എ) | ഉണ്ട്. |
| (ബി) | എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത്; | (ബി) | വാർഡുതലത്തിൽ ശുചീകരണത്തിന് ആളുകളില്ലെന്ന കോർപ്പറേഷൻ/മുനിസിപ്പാലിറ്റി അധികൃതരുടെ ആവശ്യം മുൻനിർത്തിയാണ് സംസ്ഥാന സർക്കാരിന്റെ നാലാം വാർഷികാഘോഷത്തിന്റെയും മുനിസിപ്പൽ ദിനാഘോത്തിന്റെയും ഭാഗമായി ഈ പദ്ധതി നടപ്പിലാക്കുന്നത്.<br><br>ശുചീകരണ പ്രവൃത്തികൾക്ക് മുനിസിപ്പൽ വാർഡുകളിൽ ഒരാളെ വീതവും കോർപ്പറേഷൻ വാർഡുകളിൽ മൂന്നു പേരെ വീതവും പ്രതിദിനം 300 രൂപ വീതം നൽകി നിയമിച്ചുകൊണ്ട് ഇവരെ ഉപയോഗപ്പെടുത്തി ഓടകളിൽ നിന്ന് പ്ലാസ്റ്റിക് മാലിന്യങ്ങളും ഖരമാലിന്യങ്ങളും നീക്കം ചെയ്യുക, നഗരങ്ങളിലെ അനധികൃത ബോർഡുകളും ഫ്ളക്സുകളും വൈദ്യുതി കാലുകളിലെ അനധികൃത പോസ്റ്ററുകളും മറ്റും നീക്കം ചെയ്യുക എന്നിവയാണ് ഇതിലൂടെ ലക്ഷ്യമിടുന്നത്. |
| (സി) | ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ? | (സി) | പദ്ധതി നടത്തിപ്പിന് ആവശ്യമായി വരുന്ന തുക അയ്യങ്കാളി പദ്ധതിയ്ക്കായി അനുവദിച്ച തുകയിൽ നിന്ന് ചിലവഴിക്കാൻ അനുമതി നൽകിയിട്ടുണ്ട്. എല്ലാ നഗരസഭകളിലെയും വാർഡുകളിൽ ശുചീകരണ യജ്ഞം 27.07.2015-മുതൽ ആരംഭിക്കുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. |

Mezid

സെക്ഷൻ ഓഫീസർ

12